# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5679 — 09.07.2012 ൽ മറുപടിയ്ക്ക്

## ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എ.എ. അസീസ്<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) സർക്കാർ സ്ക്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ തുടങ്ങുന്നതിനാവശ്യമായ മാനദണ്ഡം വ്യക്തമാക്കുമോ; | (എ) | സർക്കാർ, എയ്ഡഡ് സ്ക്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം പാരലൽ ഡിവിഷൻ അനുവദിക്കുന്നതിനുള്ള പുതുക്കിയ മാനദണ്ഡങ്ങൾ സർക്കാർ ഉത്തരവ് (എം.എസ്.) നം. 156/2012/പൊ.വി. തീയതി 22.05.2012 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് I, V, VIII ക്ലാസ്സുകളിൽ ഇംഗ്ലീഷ് പാരലൽ ഡിവിഷൻ അനുവദിക്കാവുന്നതും ഒന്നാം ക്ലാസ്സിലെ പഠനത്തിന് NCERT പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ ഉപയോഗിക്കേണ്ടതുമാണ്. രണ്ടു മലയാളം ഡിവിഷൻ നിലനിർത്തി മൂന്നാമത്തെ ഡിവിഷൻ ഇംഗ്ലീഷ് മീഡിയം ആക്കുന്നതിന് മതിയായ കുട്ടികളില്ലെങ്കിൽ ഒരു മലയാളം ഡിവിഷൻ നിലനിർത്തി രണ്ടാമത്തെ ഡിവിഷൻ ഇംഗ്ലീഷ് മീഡിയം പാരലൽ ഡിവിഷൻ ആയി അനുവദിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.<br>ഒരു ഇംഗ്ലീഷ് മീഡിയം ക്ലാസ്സിൽ 30 കുട്ടികൾ വേണം. ഇംഗ്ലീഷ് പഠനം ആഗ്രഹിക്കുന്ന 60 കുട്ടികൾ ഉണ്ടെങ്കിൽ 2 ഡിവിഷനുകൾ അനുവദിക്കാൻ കഴിയും. ഇപ്രകാരം ഡിവിഷനുകൾ അനുവദിക്കുമ്പോൾ അധിക സാമ്പത്തിക ബാദ്ധ്യതകൾ ഉണ്ടാകാൻ പാടില്ലയെന്നും ഡിവിഷനുകൾ അനുവദിക്കുവാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്ക് അധികാരമുണ്ടെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | 1:1 എന്ന അനുപാതത്തിൽ ഇംഗ്ലീഷ് മലയാളം മീഡിയം ക്ലാസ്സുകൾ തുടങ്ങുന്നതിന് അനുമതി നൽകുമോ; ? | (ബി) | ഇംഗ്ലീഷ് മീഡിയം പാരലൽ ഡിവിഷൻ അനുവദിക്കുന്നതിനുള്ള പുതുക്കിയ മാനദണ്ഡങ്ങൾ അനുസരിച്ച് രണ്ടു മലയാളം മീഡിയം ഡിവിഷൻ നിലനിർത്തി മൂന്നാമത്തെ ഡിവിഷൻ ഇംഗ്ലീഷ് മീഡിയം ആക്കുന്നതിന് മതിയായ കുട്ടികൾ ഇല്ലെങ്കിൽ ഒരു മലയാളം ഡിവിഷൻ നിലനിർത്തി രണ്ടാമത്തെ ഡിവിഷൻ ഇംഗ്ലീഷ് മീഡിയം പാരലൽ ഡിവിഷൻ ആയി അനുവദിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. |

Sd/

സെക്ഷൻ ഓഫീസർ